പ്രളയ ദുരിതാശ്വാസ സഹായം ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിടങ്ങളുടെ പുതുക്കിപ്പണി

95. [145] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയദുരിതാശ്വാസ സഹായം ഉപയോഗിച്ച് കെട്ടിടങ്ങൾ പുതുക്കി പണിയുവാനും പുതിയവ നിർമ്മിക്കുവാനും എത്ര വിദ്യാലയങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട് ;

(ബി) വിദ്യാഭ്യാസ ജില്ല തിരിച്ച് വിദ്യാലയങ്ങളുടെ വിവരം വിശദമാക്കാമോ ?

ഉത്തരം

(എ) പുതുക്കിപ്പണി — 234
പുതിയവ — 257

(ബി) ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

പുതുക്കിപ്പണി		പുതിയവ	
തിരുവനന്തപുരം	— 63	തിരുവനന്തപുരം	— 29
കൊല്ലം	— 6	കൊല്ലം	— 19
പത്തനംതിട്ട	— 3	പത്തനംതിട്ട	— 11
ആലപ്പുഴ	— 6	ആലപ്പുഴ	— 18
കോട്ടയം	— 2	കോട്ടയം	— 23
ഇടുക്കി	— 18	ഇടുക്കി	— 25
എറണാകുളം	— 28	എറണാകുളം	— 22
തൃശ്ശൂർ	— 18	തൃശ്ശൂർ	— 16
പാലക്കാട്	— 13	പാലക്കാട്	— 14
മലപ്പുറം	— 24	മലപ്പുറം	— 13
കോഴിക്കോട്	— 9	കോഴിക്കോട്	— 22
വയനാട്	— 27	വയനാട്	— 11
കണ്ണൂർ	— 14	കണ്ണൂർ	— 20
കാസർകോട്	— 3	കാസർകോട്	— 14

ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ

96. [146] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്ത് ഗവൺമെൻറ് ഉടമയിൽ എത്ര ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ ആരംഭിച്ചു ;

(ബി) ഇതിൽ എത്ര സ്കൂളുകളിൽ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട് ;

(സി) ബാക്കി സ്കൂളുകളിൽ ക്ലാസുകൾ ആരംഭിക്കാൻ താമസം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986-87 അദ്ധ്യയനവർഷം ആരംഭിച്ചിട്ടില്ല. 1985-86-ൽ 13 സ്കൂളുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 10 (പത്ത്)

(സി) അടുത്ത അദ്ധ്യയനവർഷം ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവൃത്തി ദിവസങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

97. [147] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയനവർഷം മുതൽ ഇന്നുള്ള 200 പ്രവർത്തി ദിവസത്തിനുപകരം 240 ദിവസമാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഉയർത്താനുള്ള കാരണങ്ങൾ പറയാമോ ;

(സി) ഇക്കാര്യം അദ്ധ്യാപക സംഘടനകളുമായി ചർച്ചചെയ്യാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ, ബി) കേന്ദ്ര ഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസ നയത്തെ കുറിച്ച് 1986 ജനുവരിയിൽ ഡൽഹിയിൽ നടന്ന സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽ വിദ്യാലയങ്ങളിലെ സാദ്ധ്യായ ദിവസങ്ങൾ 240 ആയി ഉയർത്താൻ ഉള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. ഇതിൽ കേന്ദ്ര ഗവൺമെൻറ് ഒരു തീരുമാനമെടുക്കുമ്പോൾ സംസ്ഥാന ഗവൺമെൻറ് അതു പരിഗണിക്കേണ്ടതാണ്.

(സി) എടുക്കാം.

പുതിയ വിദ്യാഭ്യാസ രേഖ

98. [148] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ ഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസരേഖയെ ക്കുറിച്ച് സംസ്ഥാന ഗവൺമെൻറിൻെറ അഭിപ്രായം ആരാഞ്ഞിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാന ഗവൺമെൻറ് എന്തു മറുപടിയാണ് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ആരാഞ്ഞിരുന്നു.

(ബി) മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly